**പതിമൂന്നാം കേരളനിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3661**

**15.12.2014 - ലെ മറുപടിയ്ക്ക്**

# സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

ചോദ്യം.

ശ്രീ. എം.എം.വാഹീദ്

ഉത്തരം

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി).

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 253/2011) തസ്തികയുടെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ യോഗ്യതയില്ല എന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കുമെന്ന് അറിയിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 24.11.2014 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 47/14/ആ.സാ.വ പ്രകാരവും, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരവും, മേൽ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി-യ്ക്ക് നിർദ്ദേശം നൽകുമോ; | (ബി) | ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ വേണ്ടിയാണ് സ്പെഷ്യൽ റൂൾസിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 എന്നീ തസ്തികകളുടെ യോഗ്യതയായി 'ബിസിനസ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം' കൂടി ഉൾപ്പെടുത്തികൊണ്ട് 24.10.14 ലെ GO(Ms)No.47/14/Plg നമ്പർ ഉത്തരവു പ്രകാരം സർക്കാർ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചത്. ടി സർക്കാർ ഉത്തരവ് |

പി.എസ്.സി സെക്രട്ടറിക്കും നല്കിയിട്ടുണ്ട്.

Business Statistics പഠിച്ച ഉദ്യോഗാർത്ഥികളെക്കൂടി ടി തസ്തികയിലേക്ക് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 24.10.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ47/14/ആ.സാ.വ പ്രകാരംസ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികയിലേക്ക് അപേക്ഷിക്കുവാനുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

(സി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 തസ്തികയിലേക്കുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയവരെ കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ